**Week -3**

# A New Year Message of Renewal




**(പുതുക്കത്തിന്റെ പുതുവർഷ സമ്മാനം)**

ആഗസ്റ്റുമാസം കേരളീയർക്ക് ആഘോഷങ്ങളുടെ മാസമാണ്. സ്വതന്ത്രഭാരതത്തിന്റെ പിറന്നാൾ ദിവസം മാത്രമല്ല ഒരു പുതുവർഷത്തിന്റെ ആരംഭം കൂടിയാണ്. ഒരു ചൈനീസ് കഥ ഇപ്രകാരമാണ്. ഒരു പുതുവത്സരദിനത്തിൽ രാജാവ് ഒരറിയിപ്പ് നൽകി, കൊട്ടാരത്തിലെ ആറ് സേവകരിൽ നിന്ന് ഒരാളെ മന്ത്രിയായി തിരഞ്ഞെടുക്കും എന്നായിരുന്നു അത്. പ്രത്യേക ഇനത്തിലുള്ള ഒരു ചെടിയുടെ ആറു വിത്തുകളിൽ നിന്നും ഓരോരുത്തർക്കും ഓരോന്നും നൽകി. വീട്ടിൽകൊണ്ടുപോയി നട്ട് നനച്ചു

വളർത്തി അടുത്ത പുതുവത്സരദിനം വരുന്ന ആളായിരിക്കും മന്ത്രി എന്ന് രാജാവ് ഉറപ്പുനൽകി. രാജാവിന്റെ കല്പനപോലെ ഇവർ പ്രവർത്തിച്ചു. എന്നാൽ ഓരാൾ ഒഴിച്ച് ബാക്കി അഞ്ചുപേരും ചെടിയുടെ വളർച്ചയുടെ ഓരോഘട്ടവും വർണ്ണിക്കുന്നത് കേട്ട് അയാൾ ദു:ഖിതനായി. അവനു മാത്രം ഒന്നും പറയുവാനില്ലായിരുന്നു. എത്രശ്രമിച്ചിട്ടും അവന്റെ ചട്ടിയിൽ മാറ്റമൊന്നും സംഭവിക്കുന്നില്ല എന്ന് ആറാമനായ ലിം മനസ്സിലാക്കി.

അടുത്ത പുതുവത്സരദിനം എല്ലാവരും അവരവരുടെ ചട്ടിയുമായി രാജസദസ്സിലെത്തി.ലിം ഒഴിച്ച് ബാക്കി അഞ്ചുപേരും തങ്ങളുടെ ചെടികൾ ഉയർത്തിപ്പിടിച്ച് സന്തുഷ്ടരായി കാണപ്പെട്ടു. രാജാവ് എല്ലാവരോടും അവർ ഈ ചെടി വളരുവാൻ എന്താണ് ചെയ്തതെന്ന് ചോദിച്ചു. അടുത്തത് ലിമ്മിന്റെ ഊഴമായിരുന്നു. മറ്റുള്ളവർക്ക് മറഞ്ഞു നിന്നവനെ രാജാവ് മുമ്പിലേക്കു ക്ഷണിച്ചു. കാലിയായ ചെടിച്ചട്ടിയുമായി നില്ക്കുന്ന ലിമ്മിനെ നോക്കി എല്ലാവരും ചിരിച്ചു. അവരുടെ പരിഹാസം തീർന്നപ്പോൾ രാജകീയ പ്രഖ്യാപനം വന്നു. 'ലിം ആണ് നമ്മുടെ പുതിയ മന്ത്രി' അമ്പരന്നു നിൽക്കുന്നവർക്കുള്ള മറുപടി രാജാവ് നൽകുകയും ചെയ്തു. പുഴുങ്ങി ഉണങ്ങിയ വിത്തുകളാണ് ഞാൻ നിങ്ങൾക്കു നൽകിയത്. നിങ്ങൾ കള്ളം പറയുകയും , പ്രവർത്തിക്കുകയും ചെയ്തതിനാൽ നിങ്ങൾ മന്ത്രിപദത്തിന് യോഗ്യരല്ല. വ്യാജം പറഞ്ഞ അഞ്ചുസേവകരേയും കൽത്തുറങ്കലിൽ അടയ്ക്കുവാൻ രാജാവ് നിർദ്ദേശം നൽകി. തുടർന്ന് പുതുവർഷസമ്മാനമായി ലിമ്മിന് മന്ത്രിപദം നൽകുന്നു എന്ന് രാജാവ് ഒരിക്കൽകൂടി പ്രഖ്യപിച്ചു.

ലോകത്തിന്റെ ചതി മോഹങ്ങളിൽ വഷളായിപ്പോകുന്ന പഴയമനുഷ്യനെ ഉപേക്ഷിച്ച് , നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം 'പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ' എന്ന് എഫേ:(4:21-23) വരെ കാണുന്നു. സത്യം പറയുന്നവർ നീതിമാന്മാരാകുന്നു. വചനം പറയുന്നു 'നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന്' അവന് ഉയർച്ചയും ലഭ്യമാകുന്നു. എതുവിധത്തിലും പുതുക്കം നമുക്ക് ഉന്മേഷം നൽകുന്നു. ഇന്നുവരെ സഞ്ചരിച്ച വഴിക്ക് കടിഞ്ഞാണിട്ട് പുതുവഴി യാത്ര ചെയ്യുന്നതു മാത്രമല്ല പുതുക്കം നിർത്തിവച്ച നല്ല പ്രവർത്തികൾ വീണ്ടും തുടങ്ങുന്നതും പുതുക്കമാണ്. ഇന്ന് പലരും സ്ഥാനമോഹികളായി അസത്യം മാത്രം സംസാരിക്കുന്നു. പറഞ്ഞകാര്യങ്ങൾ അടുത്തനിമിഷം മാറ്റിപ്പറയുന്നു. ഇവർ യേശുവിനെ കാണണമെന്ന് ഒരിക്കലും ആഗ്രഹിക്കാത്തവരാണ്. സക്കായിയെ ശ്രദ്ധിക്കുക. ചുങ്കം പിരിവുമൂലം എല്ലാവരും വെറുത്തവനായിട്ടും യേശുവിനെ രഹസ്യമായി കാണുവാൻ അവൻ ആഗ്രഹിച്ചു. അത്തിമരച്ചുവട്ടിലെത്തിയ യേശു പേർ ചൊല്ലി വിളി

ക്കുക മാത്രമല്ല അവന്റെ ആഥിത്യം സ്വീകരിക്കുകയും ചെയ്തു. ഈ സംഭവം സക്കായിയെ പുതുമനുഷ്യനാക്കി. യേശുവിന്റെ സ്നേഹം അറിഞ്ഞവൻ എല്ലാവരേയും സ്നേഹിച്ചു.

ദൈവമക്കളേ ! ലോകസമ്മാനങ്ങൾക്കായി കള്ളം , ചതിവ്, വഞ്ചന മുതലായ പാപങ്ങളിലകപ്പെടാതെ സത്യം പറഞ്ഞ് ദൈവസ്നേഹികളായി ,പുതുക്കം വന്ന വ്യക്തികളായിത്തീരുക. അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുവാൻ ദൈവം കൃപ ചെയ്യട്ടെ.




## പ്രാർത്ഥന

നല്ലവനായ പിതാവേ ! ഒരു പുതുക്കത്തിന്റെ ആവശ്യകതയെപ്പറ്റി ഞങ്ങളെ മനസ്സിലാക്കിയതിനായി സ്തോത്രം. പുതുക്കത്തിന്റെ ആദിയായി സത്യസന്ധരായി ജീവിക്കുമെന്ന് തീരുമാനിപ്പാൻ കൃപചെയ്യേണമേ.

ആമേൻ

**Santhmma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind